Vol-II, Issue : 39
12-12- 2008
Jagratha 072

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. സിസ്റ്റർ അഭയയുടെ മരണം : മുൻവിധിയില്ലാത്ത അന്വേഷണം അനിവാര്യം: കെ.സി.ബി.സി

02. കെ.സി.ബി.സി 2008 ഡിസംബർ 10-11 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

03. സഭ നേരിടുന്ന പ്രശ്നങ്ങളെ ഏകകണ്ഠേന നേരിടണം : കെ.സി.ബി.സി.

04. ക്രൈസ്തവസഭകൾ തമ്മിലുള്ള ഐക്യം കാലഘട്ടത്തിന്റെ ആവശ്യം

## 01. സിസ്റ്റർ അഭയയുടെ മരണം : മുൻവിധിയില്ലാത്ത അന്വേഷണം അനിവാര്യം : കെ.സി.ബി.സി

കഴിഞ്ഞ പതിനാറു വർഷമായി ദുരൂഹതയും വിവാദവും നിറഞ്ഞുനിൽക്കുന്ന സി. അഭയ ക്കേസിൽ സംഭവത്തിന്റെ നിജസ്ഥിതി ഇനിയും പുറത്തുകൊണ്ടുവരാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞി ട്ടില്ല എന്നത് അത്യന്തം വേദനയും ആശങ്കയും ഉളവാക്കുന്നതാണ്. ഈ സംഭവത്തിൽ വേദനിക്കുന്ന എല്ലാവരോടും പ്രത്യേകിച്ച് സിസ്റ്റർ അഭയയുടെ കുടുംബത്തോടും സെന്റ് ജോസഫ്സ് സന്യാസിനീസമൂഹത്തോടും കോട്ടയം അതിരൂപതയോടും മെത്രാൻസമിതിയുടെ ഐക്യദാർഢ്യം ആവർത്തിച്ച് പ്രഖ്യാപിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥനകൾ നേരുകയും ചെയ്യുന്നു. എത്രയും വേഗം സത്യം പുറത്തുവരുവാനും കുറ്റവാളികളുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽകൊണ്ടു വരുവാനുമുള്ള സാഹചര്യം സംജാതമാകണം. ഇക്കാര്യം കോട്ടയം അതിരൂപതയും കേരളകത്തോ ലിക്കാ സഭ പൊതുവായും ആരംഭം മുതൽതന്നെ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണശൈലിയും അതോടനുബന്ധിച്ച് രണ്ടു വൈദീകരേയും സിസ്റ്ററേയും അറസ്റ്റു ചെയ്ത രീതിയും വിശകലനം ചെയ്യുമ്പോൾ യഥാർത്ഥ ലക്ഷ്യം സത്യം പുറത്തു വരുക എന്നതാണോ എന്ന സംശയം ഉയരുന്നു. അന്വേഷണ ഏജൻസികളിൽ നിന്നും മറ്റു നിയമസംവിധാനങ്ങളിൽ നിന്നും ഉണ്ടാകുന്ന പരസ്യനിരീക്ഷണങ്ങളും സമീപനങ്ങളും ഈ സംശ യത്തെ ബലപ്പെടുത്തുന്നു. കുറ്റവാളികളെ കണ്ടെത്തുക എന്നതിലുപരി സഭയേയും സഭാ സംവിധാ നങ്ങളേയും കരിതേച്ചു കാണിക്കാൻ വെമ്പൽകൊള്ളുന്നു എന്ന പ്രതീതിയാണ് അവയുളവാക്കുന്ന ത്. എന്നും പരിപൂർണ്ണ സഹകരണം നല്കി വന്ന സഭ കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന വസ്തുതാവിരുദ്ധമായ പരാമർശങ്ങളും മറ്റൊന്നല്ല സൂചിപ്പിക്കുന്നത്. ശക്തമായ തെളിവുകളുടെ പിൻബലത്തിൽ കുറ്റവാളികൾ, ആരായിരുന്നാലും, അവർ നിയമത്തിന്റെ മുമ്പിൽ വരണമെന്നുത ന്നെയാണ് സഭയുടെ ആഗ്രഹം. കുറ്റം തെളിയിക്കപ്പെടുന്നതിനു മുമ്പ് തന്നെ കുറ്റക്കാരെന്ന് വിധിക്ക പ്പെടുന്ന അവസ്ഥ വേദനയും ഉത്കണ്ഠയും ഉളവാക്കുന്നതാണ്. ഈ കേസുമായി ബന്ധപ്പെടുത്തി അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വൈദികരുടേയും സിസ്റ്ററിന്റെയും വേദനയിൽ സഭയും പങ്കുചേരുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

മാധ്യമധർമ്മത്തിനെതിരായിട്ടുള്ള പ്രവർത്തന ശൈലി ഈ കേസുമായി ബന്ധപ്പെട്ടുള്ള വാർത്താ വ്യാപനത്തിൽ പല പത്രങ്ങളും ചാനലുകളും അവലംബിച്ചുകൊണ്ടിരിക്കുന്നത് അപല പിക്കപ്പെടേണ്ടതാണ്. വാർത്തയുടെ സത്യാവസ്ഥ അന്വേഷിക്കാതെയും ഊഹാപോഹങ്ങളുടെ അടി സ്ഥാനത്തിലും നടത്തുന്ന റിപ്പോർട്ടിംഗ്, മാധ്യമങ്ങളുടെ വിശ്വസനീയതയ്ക്ക് തന്നെ വിനയാകും.അതു പോലെതന്നെ വിവാദങ്ങളിൽ തങ്ങൾക്കനുകൂലമായി സംസാരിക്കുന്നവരെമാത്രം അഭിപ്രായപ്രകട നങ്ങൾക്കായി വിളിച്ച് സത്യത്തെ തമസ്ക്കരിക്കുന്ന പ്രവണതയും ആശങ്കാജനകമാണ്. പ്രാർത്ഥന യുടെ ശക്തിയാൽ ഈ പരീക്ഷണങ്ങളേയും പ്രതിസന്ധികളേയും തരണം ചെയ്യാൻ സഭയ്ക്ക്

സാധിക്കുമെന്നും നിഷ്പക്ഷ അന്വേഷണം സത്യത്തെ വെളിച്ചത്തുകൊണ്ടുവരുവാൻ സഹായിക്കുമെന്നും മെത്രാൻ സമിതി പ്രത്യാശ പ്രകടിപ്പിച്ചു. അതിനായി നല്ലവരായ എല്ലാവരുടേയും പ്രാർത്ഥനകളും സമിതി അഭ്യർത്ഥിച്ചു.

## 02. കെ.സി.ബി.സി 2008 ഡിസംബർ 10–11 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

### 1. 2009 ജനുവരി 1ന് ഭീകരവാദവിരുദ്ധദിനം

ഭാരതത്തിൽ ഭീകരവാദപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിലും ബോംബെയിൽ ഭീകര ആക്രമണങ്ങൾ നടന്ന സാഹചര്യത്തിലും 2009 ജനുവരി 1–ന് കേരള കത്തോലിക്കാസഭ ഭീകരവാദ വിരുദ്ധദിനമായി ആചരിക്കുകയും അന്നേദിവസം ക്രൈസ്തവദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുകയും ഭീകരവാദ വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്യും. ഭീകരവാദ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട വ്യക്തികൾക്ക് ആത്മശാന്തി ലഭിക്കാൻ അന്നേ ദിവസം ദിവ്യബലി മധ്യേ പ്രാർത്ഥനാ ശുശ്രൂഷ നടത്തും. വളർന്നുവരുന്ന തലമുറയിൽ ദേശസ്നേഹം വളർത്താൻ ഉതകുന്ന കർമ്മപരിപാടികൾ ക്രൈസ്തവ വിദ്യാലയ ങ്ങളിലൂടെയും സൺഡേ സ്ക്കൂളുകളിലൂടെയും നടപ്പിലാക്കും. ഭീകരവാദ പ്രവർത്തനങ്ങളുടെ പേരിൽ ഒരു പ്രത്യേക സമുദായത്തെ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്ന് മെത്രാന്മാർ ഓർമ്മപ്പെടുത്തി.

### 2. സുനാമി/വല്ലാർപാടം പുനരധിവാസം

സുനാമി ദുരന്തത്തിന്റെ പരാധീനതകളുമായി തീരദേശഗ്രാമങ്ങളിൽ കഴിയുന്ന ജനങ്ങൾക്കായി കേന്ദ്ര ഗവർമെന്റ് അനുവദിച്ച പുനരധിവാസപദ്ധതിയും വല്ലാർപാടം പദ്ധതിക്കായി മനുഷ്യത്വരഹിതമായി മൂലമ്പിള്ളിയിലും പരിസരപ്രദേശങ്ങളിലും കുടിയൊഴിപ്പിച്ച സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ പുനരധിവാസവും അടിയന്തിരമായി നടപ്പിലാക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ ഒരു വർഷമായി ആലപ്പുഴ രൂപത സമരരംഗത്താണ്. സുനാമി സ്കോളർഷിപ്പ് അർഹരായവർക്ക് നൽകുക, തീരദേശത്തെ കടൽഭിത്തി നിർമ്മാണം ഉടനെ പൂർത്തിയാക്കുക തുടങ്ങിയ മത്സ്യത്തൊഴിലാളികളുടെ നിരവധി ആവശ്യങ്ങൾക്കായി നടത്തുന്ന സമരങ്ങൾ ഉത്തരവാദിത്വപ്പെട്ടവർ ബോധപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയാണ്.വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർ തെരുവിൽ കഴിയാൻ തുടങ്ങിയിട്ട് നിരവധി മാസങ്ങളായി. വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പ്രശ്നങ്ങളും തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളി വിഭാഗം നേരിടുന്ന സുനാമി പുനരധിവാസ പദ്ധതി അടക്കമുള്ള നിരവധി പ്രശ്നങ്ങൾക്കും ഉടൻ പരിഹാരം കണ്ടെത്തണമെന്ന് കെ.സി.ബി.സി. സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

### 3. 2008 ഡിസംബർ 25 ഒറീസാ പ്രാർത്ഥനാദിനം

ഒറീസയിൽ സമാധാനം സംജാതമാകുന്നതിനുവേണ്ടി 2008 ഡിസംബർ 25 ക്രിസ്തുമസ് ദിനത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തും. സമുദായങ്ങൾ തമ്മിലുള്ള ഐക്യത്തിനും സാഹോദര്യ ജീവിതത്തിനും വേണ്ടി അന്നേ ദിവസം അർപ്പിക്കുന്ന ദിവ്യബലിയിൽ ഭാരതജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കും.

### 4. കെ.സി.ബി.സി.ക്ക് പുതിയ നിയമാവലി

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പരിഷ്കരിച്ച നിയമാവലിക്ക് കെ.സി.ബി.സി. സമ്മേളനം അംഗീകാരം നൽകി. 1970 മുതൽ നിലനിന്നിരുന്ന കെ.സി.ബി.സി.യുടെ നിയമാവലി കാലഘട്ടത്തിനൊത്ത് പരിഷ്കരിക്കേണ്ടി വന്നതുകൊണ്ടാണ് കെ.സി.ബി.സി.ക്ക് പുതിയ നിയമാവലി തയ്യാറാക്കിയത്. പുനലൂർ ബിഷപ്പ് ജോസഫ് കരിയിൽ ചെയർമാനും, തിരുവല്ല അതിരൂപതാധ്യക്ഷൻ തോമസ് മാർ കൂറിലോസ്, മാനന്തവാടി രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം അംഗങ്ങളുമായ സമിതി തയ്യാറാക്കിയ നിയമാവലി 2009 ജനുവരി ഒന്നുമുതൽ പ്രാബല്യത്തിൽ വരും.

### 5. വനിതാനയരേഖ

കെ.സി.ബി.സി വനിതാ കമ്മീഷൻ തയ്യാറാക്കിയ വനിതാനയരേഖയ്ക്ക് (Gender Policy) മെത്രാന്മാർ അംഗീകാരം നൽകി. കുടുംബത്തിലും സമൂഹത്തിലും സഭാപ്രവർത്തനങ്ങളിലും സ്ത്രീകളുടെ മഹനീയത നിലനിറുത്തിക്കൊണ്ട് അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന വനിതാ നയരേഖഅടുത്ത വർഷം മുതൽ കേരള കത്തോലിക്കാ സഭയിൽ നിലവിൽവരും. കെ.സി.ബി.സി വനിതാകമ്മീഷൻ സെക്രട്ടറി ശ്രീമതി ബീനാ സെബാസ്റ്റ്യൻ, ശ്രീമതി ലിഡാ ജേക്കബ് I.A.S.,

ശ്രീമതി ഡോ. നീനാ ജോസഫ്, ശ്രീമതി ഡോ. സെലിൻ സണ്ണി, ശ്രീമതി റോസക്കുട്ടി എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ വനിതാനയരേഖ ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, ബിഷപ്പ് റവ. ഡോ. വർഗീസ് ചക്കാലക്കൽ, ബിഷപ്പ് മാർ ജോസ് പൊരുന്നേടം എന്നിവരടങ്ങിയ മെത്രാൻ സമിതി വിശദമായി പഠിക്കുകയും കെ.സി.ബി.സി. യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുമാണ് ചെയ്തത്.

**6. മാർ ജോസ് പൊരുന്നേടം ലേബർ കമ്മീഷൻ ചെയർമാൻ**

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ലേബർ കമ്മീഷൻ ചെയർമാനായി മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടത്തെ കെ.സി.ബി.സി തെരഞ്ഞെടുത്തു. വൈസ് ചെയർമാന്മാരായി ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിലിനേയും വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ ജോസഫ് കാരിക്കശ്ശേരിയെയും നിയമിച്ചു. കെ.സി.ബി.സി. യുടെ ലേബർ കമ്മീഷൻ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഇടയിലാണ് പ്രധാനമായും പ്രവർത്തിക്കുന്നത്.

**7. റവ. ഫാ. വർഗീസ് കരിപ്പേരി "സാരഥി" ഡയറക്ടർ**

കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "സാരഥി" യുടെ സംസ്ഥാന ഡയറക്ടറായി തൃശൂർ അതിരൂപതാംഗം റവ. ഫാ. വർഗീസ് കരിപ്പേരിയെ കെ.സി.ബി.സി. നിയമിച്ചു. കേരളത്തിലെ ടാക്സി ഡ്രൈവേഴ്സിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനത്തി നായി പ്രവർത്തിക്കുന്ന സാരഥിയിൽ കേരളത്തിലെ പ്രമുഖ പട്ടണങ്ങളിലെ 14,500 ടാക്സി ഡ്രൈവർമാർ അംഗങ്ങളാണ്.

**8. റവ. ഫാ. ആന്റണി പുതിയാപറമ്പിൽ മിഷൻ ലീഗ് ഡയറക്ടർ**

ചെറുപുഷ്പ മിഷൻ ലീഗിന്റെ (സി.എം.എൽ) സംസ്ഥാന ഡയറക്ടറായി എറണാകുളം-അങ്കമാലി അതിരൂപതാംഗം റവ. ഫാ. ആന്റണി പുതിയാപറമ്പിലിനെ കെ.സി.ബി.സി. നിയമിച്ചു. കേരളത്തിലെ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ സഭകളിലെ രൂപതകളിൽ പ്രവർത്തിക്കുന്ന അല്മായ ഭക്തസംഘടനയാണ് ചെറുപുഷ്പ മിഷൻ ലീഗ്.

**9. ഡെപ്യൂട്ടി സെക്രട്ടറിയുടെ കാലാവധി നീട്ടി**

കെ.സി.ബി.സി.യുടെ ഔദ്യോഗികവക്താവും ഡെപ്യൂട്ടി സെക്രട്ടറിയുമായി സേവനം അനുഷ്ഠിക്കുന്ന റവ. ഡോ. സ്റ്റീഫൻ ആലത്തറയുടെ രണ്ടുവർഷ നിയമനകാലാവധി 2009 ഫെബ്രുവരി 20-ന് അവസാനിക്കുന്നതുകൊണ്ട് കാലാവധി മൂന്നുവർഷത്തേക്ക് കൂടി നീട്ടി നൽകി. 2012 ഫെബ്രുവരി 20-ാം തീയതി വരെ അദ്ദേഹം ഡെപ്യൂട്ടി സെക്രട്ടറിയും ഔദ്യോഗികവക്താവുമായി തുടരും.

## 03. സഭ നേരിടുന്ന പ്രശ്നങ്ങളെ ഏകകണ്ഠേന നേരിടണം : കെ.സി.ബി.സി.

കേരള കത്തോലിക്കാസഭ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ വിശ്വാസത്തിന്റെ ചൈതന്യത്താൽ ഒരുമിച്ച് നേരിടണമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കേരളത്തിലെ കത്തോലിക്കാസഭയിലെ മെത്രാന്മാരുടെയും സന്യാസിനീ സന്യാസി സമൂഹങ്ങളിലെ ഉന്നതമേലധികാരികളുടെയും സംയുക്തയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ആർച്ചുബിഷപ്പ്. വേദനകളിലൂടെയും സഹനങ്ങളിലൂടെയുമാണ് സഭ വളർന്നു വന്നിട്ടുള്ളത്. ഇന്ന് സഭ നേരിടുന്ന പ്രശ്നങ്ങൾ വേദനാജനകമാണെങ്കിലും ഇവയെ നേരിടുവാനുള്ള കരുത്ത് സഭയ്ക്കുണ്ട്. വളരെ വലിയ പ്രതിസന്ധികളെ വളരെ എളുപ്പത്തിൽ തരണം ചെയ്യാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കാരണം, മനുഷ്യവ്യക്തികളല്ല ദൈവമാണ് സഭയെ നയിക്കുന്നതെന്ന് സഭ വിശ്വസിക്കുന്നു. സഭ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ വിശ്വാസത്തിന്റെ ചൈതന്യത്താൽ ഐക്യത്തോടെ അഭിമുഖീകരിക്കുവാനും പ്രതിസന്ധികളെ വേഗത്തിൽ തരണം ചെയ്യുവാനും കേരള കത്തോലിക്കാസഭയ്ക്ക് സാധിക്കണമെന്ന് ആർച്ചുബിഷപ്പ് ഓർമ്മിപ്പിച്ചു.

കേരളസഭ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് തൃശൂർ അതിരൂപതയുടെ അധ്യക്ഷനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സെക്രട്ടറിയുമായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിഷയാവതരണം നടത്തി. കെ.സി.ബി.സി. വൈസ് പ്രസിഡന്റും മാവേലിക്കര രൂപതാധ്യക്ഷനുമായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ എം.സി.ബി.എസ് സന്യാസസഭയുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഡോ. ഫ്രാൻസീസ് കൊടിയൻ, തിരുഹൃദയ സന്യാസിനീ സഭാസമൂഹത്തിൽ നിന്നുള്ള അംഗം സിസ്റ്റർ ലീനാ ജോസ് എന്നിവർ പ്രസംഗിച്ചു.

കേരള കത്തോലിക്കാസഭയിലെ 216 സന്യാസസഭാസമൂഹങ്ങളിൽ നിന്നുള്ള പ്രൊവിൻഷ്യൽസുപ്പീരിയർമാരും മേജർ സുപ്പീരിയർമാരുമടക്കം 280 സമർപ്പിതരും സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭയിൽനിന്നുമായി 30 മെത്രാന്മാരും സംയുക്തയോഗത്തിൽ പങ്കെടുത്തു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ കൊച്ചിയിലെ പി.ഒ.സി.യിൽ നടന്ന സമ്മേളനത്തിൽ സീറോ മലബാർ സഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മലങ്കരകത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

**04. ക്രൈസ്തവസഭകൾ തമ്മിലുള്ള ഐക്യം കാലഘട്ടത്തിന്റെ ആവശ്യം : മാർ ക്ലീമിസ് കാതോലിക്കാ ബാവ**

കേരളത്തിലെ ക്രൈസ്തവസഭകൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ബലപ്പെടുത്തണമെന്നും അതിനു ക്ഷതമേല്പിക്കാൻ നടക്കുന്ന ശ്രമങ്ങളെ ഒരുമിച്ച് കാണണമെന്നും മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ പ്രസ്താവിച്ചു. കൊച്ചി പി.ഒ.സി.യിൽ ക്രൈസ്തവസഭാ മേലധ്യക്ഷന്മാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവസഭകൾ വിദ്യാഭ്യാസ, സാംസ്കാരിക ആതുരശുശ്രൂഷാ രംഗങ്ങളിലും പ്രത്യേകമായി സമൂഹത്തിലെ പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ട വർക്കും നല്കുന്ന ശുശ്രൂഷകളിലും ഏറ്റവും താത്പര്യത്തോടെ മുഴുകുന്നു. സമൂഹം ആദരവോടെ കാണുന്ന ഈ ശുശ്രൂഷകളെ തരംതാഴ്ത്തികാട്ടാനും അപമാനിക്കാനുമുള്ള ശ്രമങ്ങൾ ഖേദകരമായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ബിഷപ്പ് തോമസ് സാമുവേൽ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ശ്രീ. ജോസ് ടി. തോമസ്, റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ എന്നിവർ മദ്യമയക്കുമരുന്നു വിരുദ്ധ പ്രവർത്തനങ്ങളിൽ സഭകളുടെ പങ്കാളിത്തം, വാർത്താ മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ, വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾ എന്നീ വിഷയങ്ങളെ അധികരിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മദ്യപാനവിപത്തിനെതിരെ ബോധവത്കരണപരിപാടികൾ ശക്തിപ്പെടുത്തിയും പ്രാദേശികമായി അവയുടെ ലഭ്യത കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾക്കു പ്രാധാന്യം നല്കിയും കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പലാക്കാൻ സമ്മേളനം തീരുമാനിച്ചു. സമൂഹനന്മയെക്കരുതി ഇക്കാര്യത്തിൽ സർക്കാർ നയങ്ങളിൽ വ്യക്തമായ മാറ്റങ്ങൾ ഉണ്ടായേ തീരൂ എന്നു സമ്മേളനം വിലയിരുത്തി. എല്ലാ സഭകളും ചേർന്നുള്ള ജനകീയ മദ്യവിരുദ്ധ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സമ്മേളനം ആഹ്വാനം ചെയ്തു. വാർത്താമാധ്യമങ്ങൾ നടത്തുന്ന വാർത്താവിശകലനങ്ങളിലും പ്രചരണങ്ങളിലും യാഥാർത്ഥ്യങ്ങളും വസ്തുതകളും മുങ്ങിപ്പോകുന്ന സാഹചര്യങ്ങൾ പലപ്പോഴും സംജാതമാകുന്നുണ്ട്. ചിലതെല്ലാം വളരെ ആസ്രൂത്രിതമായിട്ട് നടപ്പിലാക്കുന്നതായി സമ്മേളനം വിലയിരുത്തി. മാധ്യമവിശകലനത്തിനു സമൂഹത്തെ പ്രാപ്തരാക്കാനും ഒപ്പം ആസൂത്രിതമായി തെറ്റിദ്ധാരണ പരത്തുന്ന പ്രചരണങ്ങളെയും വിശകലനങ്ങളെയും നിരന്തരവും വ്യവസ്ഥാപിതവുമായി എതിർത്തു തോല്പിക്കാനാവശ്യമായ സംവിധാനങ്ങളും ക്രമീകരണങ്ങളും ഓരോ സഭകളിലും എന്നതുപോലെ സഭകൾ ചേർന്നും രൂപപ്പെടുത്താൻ സമ്മേളനം തീരുമാനിച്ചു.

കേരളത്തിൽ തങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം അനുസരിച്ച് സമൂഹനന്മക്കായി കലാലയങ്ങൾ നന്നായി നടത്തിക്കൊണ്ടുപോകാൻ സർക്കാർ നിരന്തരം തടസ്സം നില്ക്കുന്നതിനാൽ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേക്കു കുടിയേറേണ്ടി വരുന്ന സാഹചര്യം സമ്മേളനം വിലയിരുത്തി. ഒന്നരലക്ഷം ക്രൈസ്തവവിദ്യാർത്ഥികളാണ് ഇപ്രകാരം നാടുവിടേണ്ടിവന്നത്. ഇത് അനീതിയും സംസ്ഥാനത്തിനും ജനാധിപത്യത്തിനും അപമാനകരവുമാണ്. ന്യൂനപക്ഷസ്ഥാപനങ്ങൾ സർക്കാരിന്റെ നിരന്തരമായ പീഡനങ്ങൾക്ക് ഇരയാവുകയാണ്. ഓരോ ചെറിയ കാര്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും കോടതിവഴി എപ്പോഴും പരിഹാരം തേടേണ്ട സാഹചര്യമാണ് ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതുവഴി ഏറ്റ പണവും സമയവും പാഴാകുന്നു. സ്ഥാപനങ്ങളെ തകർക്കുന്നു. ഫലപ്രദമായ കോഴ്സുകൾ അനുവദിക്കാതെയും അധ്യാപകനിയമനങ്ങൾ നടത്താതെയും സുഗമമായ സ്ഥാപനനടത്തിപ്പിനെ തടസ്സപ്പെടുത്തിയും വിദ്യാഭ്യാസരംഗം തകർക്കുന്ന ഇപ്പോഴത്തെ നീക്കങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ സമ്മേളനം തീരുമാനിച്ചു.